# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 246

26-09-2011 ൽ മറുപടിക്ക്

### ഓപ്പറേഷൻ ക്വിക്കിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. ഇ.കെ.വിജയൻ :<br>ശ്രീ. ജി.എസ്.ജയലാൽ :<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) |
| എ) ഓപ്പറേഷൻ ക്വിക്ക് എന്ന പേരിൽ സംസ്ഥാനത്തെ എക്സൈസ് ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടന്നിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര എക്സൈസ് ഓഫീസുകളിൽ റെയ്ഡുകൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) ഉണ്ട്. 26-08-2011, 06-09-2011 എന്നീ ദിവസങ്ങളിൽ, സംസ്ഥാനത്തെ 79 എക്സൈസ് ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടന്നിട്ടുണ്ട്. |
| ബി) ഈ റെയ്ഡുകളിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | ബി) റെയ്ഡ് സംബന്ധിച്ച വിശദ വിവരങ്ങൾ, വിജിലൻസ് വകുപ്പിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. |
| സി) പരിശോധനയ്ക്കായി ബാറുകളിൽ നിന്നും എക്സൈസ് സംഘം സാമ്പിളുകൾ പരിശോധനാ ലാബുകളിൽ എത്തിച്ച് പരിശോധനാ റിപ്പോർട്ട് ശേഖരിക്കാറുണ്ടോ ; | സി) ഉണ്ട്. എക്സൈസ് ഉദ്യോഗസ്ഥർ, ബാറുകളിൽ പരിശോധന നടത്തി, മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും, രാസപരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ട ബാർ ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. |
| ഡി) ഓപ്പറേഷൻ ക്വിക്കിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഡി) വിജിലൻസ് വകുപ്പിൽ നിന്നും ടി റെയ്ഡിനെ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ